IV ശ്രദ്ധക്ഷണിക്കൽ

(1) കള്ള് വ്യവസായ രംഗം നേരിടുന്ന പ്രതിസന്ധി

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, കേരളത്തിലെ ഏകദേശം 1,00,000 കുടുംബങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ചെയ്തു കൊണ്ടിരിക്കുന്ന പരമ്പരാഗത തൊഴിൽ മേഖലയാണ് കള്ളുചെത്ത് വ്യവസായം. ഈ മേഖല ഇന്ന് ഗുരുതരമായ പ്രതിസന്ധി നേരിട്ട് കൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച്, ഈ മേഖലയിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ചെത്തുതൊഴിലാളികൾ വലിയ കഷ്ടത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഞാൻ അന്തിക്കാട് മേഖലയിൽനിന്ന് വരുന്ന ഒരു പൊതുപ്രവർത്തകനാണ്. ആ മേഖലയിൽ ഒരു കാലഘട്ടത്തിൽ 4000 ചെത്തുതൊഴിലാളികൾ ഉണ്ടായിരുന്നത് ഇപ്പോൾ അത് 1,500 ആയി ചുരുങ്ങിയിരിക്കുകയാണ്. ഈ തൊഴിൽ മേഖലതന്നെ വിട്ടുപോയി കുടുംബം പട്ടിണിയിലാകുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ വരികയാണ്. കേരളത്തിൽ മദ്യത്തിന്റെ ഉപഭോഗം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ആയിരക്കണക്കിന് കോടി രൂപയുടെ മദ്യമാണ് വിറ്റഴിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇതുസംബന്ധിച്ച് വളരെ പ്രസിദ്ധനായ ഗാന്ധിയനും കെ.പി.സി.സി.പ്രസിഡന്റും ആയിരുന്ന ഉദയഭാനു അദ്ദേഹത്തിന്റെ കമ്മീഷൻ റിപ്പോർട്ടിൽ പ്രധാനമായിട്ടും പറയുന്ന ഒരു കാര്യം, കേരളത്തിൽ മദ്യ നിരോധനം സാധ്യമല്ല; ഇവിടെ മദ്യവർജ്ജനമാണ് വേണ്ടതെന്നാണ്. ലഹരി കുറഞ്ഞ കള്ളുപോലെയുള്ള മദ്യത്തെ പ്രോത്സാഹിപ്പിക്കണമെന്ന് വളരെ വ്യക്തമായി പറയുന്നുണ്ട്. ഈ കള്ളു ചെത്ത് വ്യവസായത്തെ പുനരുദ്ധരിക്കണമെന്നും അതിനെ സംരക്ഷിക്കണമെന്നും ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നുണ്ട്. എല്ലാ ഗവൺമെന്റുകളും ഉദയഭാനു കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞില്ല. അതിനുശേഷം ലളിതാംബിക കമ്മീഷനെ നിയോഗിക്കുകയുണ്ടായി. ലളിതാംബിക എന്ന ഉദ്യോഗസ്ഥ മാത്രമല്ല, ട്രേഡ് യൂണിയൻ രംഗത്തെ എല്ലാ പ്രധാനപ്പെട്ട നേതാക്കൻമാരും അന്തരിച്ചുപോയ കെ. പി. പ്രഭാകരനെപ്പോലെ ഇതുസംബന്ധിച്ചെല്ലാം അറിയാവുന്ന ആളുകളും എക്സ്പെർട്ടുകളായിട്ടുള്ളവരും ശാസ്ത്രജ്ഞൻമാരുമൊക്കെ ഉൾപ്പെടുന്ന ആ കമ്മിറ്റി ഇതുസംബന്ധിച്ച റിപ്പോർട്ട് ഗവൺമെന്റിന് മുമ്പാകെ വയ്ക്കുകയുണ്ടായി. 13 നിർദ്ദേശങ്ങൾ ആ കമ്മിറ്റി ഈ ഗവൺമെന്റിന് മുമ്പാകെവച്ചു. അത് ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ച കാര്യങ്ങളാണ്. അതിൽ പ്രധാനമായിട്ടും പറയുന്നത് കള്ളുചെത്ത് വ്യവസായത്തെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ്. ഇപ്പോൾ ഇവിടെ കള്ളുഷാപ്പുകൾ ലേലത്തിൽ കൊടുക്കുന്ന സംവിധാനത്തിൽ മാറ്റമുണ്ടാകണമെന്ന് പറയുന്നുണ്ട്. ഇത് താലൂക്ക് അടിസ്ഥാനത്തിലോ അല്ലെങ്കിൽ റേഞ്ച് അടിസ്ഥാനത്തിലോ കോൺട്രാക്ടർമാർക്ക് കൊടുക്കണമെന്ന് അതിനകത്ത് പറയുന്നുണ്ട്. അതോടൊപ്പംതന്നെ ഇവിടെ വലിയ ഡിസ്ക്രിമിനേഷൻ നടക്കുകയാണ്. കള്ള് ആണെങ്കിലും വിദേശമദ്യമാണെങ്കിലും മദ്യമാണ്. കള്ളുഷാപ്പുകൾക്കും വിദേശ മദ്യഷാപ്പുകൾക്കും ഒരു

LIBRARY ARCHIVES Kerala Legislative Assembly

പോലെയുള്ള ദൂരപരിധിയുണ്ടാകണം. വിദേശ മദ്യഷാപ്പുകൾ ആരംഭിക്കുന്നതിന് 200 മീറ്റർ എന്ന ദൂരപരിധി നിശ്ചയിച്ച് കൊടുത്തിരിക്കുകയാണ്. ഇഷ്ടം പോലെ വിദേശ മദ്യഷാപ്പുകളും ബാറുകളും ആരംഭിക്കാൻ പറ്റും. എന്നാൽ ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിൽപ്പോലും പറയുന്ന കള്ളുഷാപ്പുകൾക്ക് ഇപ്പോൾ 400 മീറ്റർ ദൂരപരിധി വച്ചിരിക്കുകയാണ്. അത് മാറ്റാൻ തയ്യാറാകണമെന്ന് ലളിതാംബിക കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നുണ്ട്. അതുപോലെ തന്നെ കള്ളുഷാപ്പുകളും കള്ളുചെത്ത് മേഖലയും നമ്മുടെ പ്രാക്തന കാലം മുതലേയുള്ള ഒരു തൊഴിലാണ്. ഇബ്നുബത്തൂത്ത ഇന്ത്യ സന്ദർശിച്ചപ്പോൾ അദ്ദേഹത്തിന്റെ ഇന്ത്യാ സന്ദർശന സമയത്തെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ അദ്ദേഹം മലബാറിൽ വന്നപ്പോൾ ഇവിടത്തെ കള്ളുചെത്തിനെക്കുറിച്ച് പറയുന്നുണ്ട്. കള്ള് ചെത്തുന്നു. തെങ്ങിൽനിന്ന് കള്ള് ഉൽപ്പാദിപ്പിക്കുന്നത് കലയാണെന്നൊക്കെ പറയുന്നുണ്ട്. ഇവിടെ തെങ്ങിൽനിന്നും തെങ്ങിൻ കള്ള് ഉണ്ടാക്കുന്നതിനെക്കുറിച്ചും വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കുന്നതിനെ കുറിച്ചുമൊക്കെ പറയുന്നുണ്ട്. അപ്പോൾ ഇത് പണ്ടുകാലം മുതലുണ്ടായിരുന്ന ഒരു തൊഴിൽ മേഖലയാണ്. ഇന്ന് ഈ മേഖലയിലെ ജനങ്ങൾ വളരെ കഷ്ടത്തിലാണ്. കള്ളുഷാപ്പുകൾ 1956-ലെപോലെ ഇപ്പോഴും കിടക്കുകയാണ്. ഒടിഞ്ഞ ബഞ്ചുമൊക്കെയായി കിടക്കുന്ന ഷാപ്പുകളാണുള്ളത്. ഷാപ്പിൽ വരുന്നവർക്ക് ശുദ്ധമായ കള്ള് കൊടുക്കുന്നില്ലായെന്ന പ്രശ്നം ഇപ്പോൾ നിലനിൽക്കുന്നുണ്ട്. ഇവിടെ ശുദ്ധമായ കള്ള് കിട്ടാനാവശ്യമായ സംവിധാനം ഒരുക്കുന്നില്ല. 30,000-ത്തോളം തൊഴിലാളികൾ നേരിട്ടും ഒരു ലക്ഷത്തോളം വരുന്ന കുടുംബങ്ങൾ പരോക്ഷമായും ജീവിച്ചുകൊണ്ടിരിക്കുന്ന ഈ മേഖലയെ സംരക്ഷിക്കാൻവേണ്ടി ഗവൺമെന്റ് ശാസ്ത്രീയമായ പദ്ധതി തയ്യാറാക്കണം. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് എക്സൈസ് ഡിപ്പാർട്ടുമെന്റ് സമഗ്രമായ ഒരു കാര്യവും നടത്തുന്നില്ല. ഇപ്പോൾ തെങ്ങയ്ക്ക് വില കിട്ടുന്നില്ലെന്ന് ധനകാര്യ വകുപ്പുമന്ത്രി പറയുകയുണ്ടായി. സബ്ജക്ട് കമ്മിറ്റി-1 അതിനെക്കുറിച്ച് പഠിച്ചപ്പോൾ തെങ്ങ് കള്ളുചെത്താൻ കൊടുക്കുന്നതിനെപ്പറ്റിയാണ് അതിൽ പ്രധാനമായിട്ടും പറയുന്നത്. ഒരുതെങ്ങ് കള്ളുചെത്താൻ കൊടുത്താൽ 200 മുതൽ 400 രൂപവരെ പ്രതിമാസം പാട്ടം കൊടുക്കുന്നുണ്ട്. അതിൽനിന്നും നീര ഉൽപ്പാദിപ്പിക്കുന്നതിനെക്കുറിച്ചും കള്ളിൽനിന്നും ഒന്നാന്തരം ആൽക്കഹോൾ ഉൽപ്പാദിപ്പിക്കുന്നതിനെക്കുറിച്ചും നിരവധി വാല്യൂ ആഡഡ് പ്രോഡക്ട്കൾ ഉണ്ടാക്കുന്നതിനെക്കുറിച്ചും യൂണിവേഴ്സിറ്റി തന്നെ റിസർച്ച് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഫൈവ് സ്റ്റാർ ഹോട്ടലിൽപ്പോലും കൊടുക്കാൻ കഴിയുന്ന പ്രകൃതിദത്തമായ പാനീയമാണ് കള്ള്. കള്ള് ഒരു മദ്യമല്ല. അതിന് മുല്ലപ്പൂവിന്റെ മണമാണെന്ന് പറഞ്ഞത് പ്രൊഫ. എൻ. ജയരാജിന്റെ അച്ഛൻ, ശ്രീ. നാരായണക്കുറുപ്പാണ്. കള്ളിനെ അവഗണിക്കേണ്ട കാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർക്ക് ഇതിന്റെ മണം അറിയില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ : ഞാൻ ഒരു ചെത്തുതൊഴിലാളി കുടുംബത്തിലെ അംഗമാണ്. അതുകൊണ്ട് എനിക്ക് ഇതിന്റെ മണം അറിയാം.

മി. സ്പീക്കർ : അതുകൊണ്ടാണ് ചോദിച്ചത്.

ശ്രീ. വി. എസ്. സുനിൽ കുമാർ : എനിക്ക് അറിയാം.

മി. സ്പീക്കർ : മുല്ലപ്പൂ മണമാണെന്ന് പറയുന്നത് ശരിയല്ലല്ലോ.

ശ്രീ. വി. എസ്. സുനിൽ കുമാർ : മുല്ലപ്പൂ മണമാണെന്ന് ഞാൻ പറഞ്ഞതല്ല, ശ്രീ. നാരായണക്കുറുപ്പ് പറഞ്ഞതാണ്. അതുകൊണ്ട് കള്ള് വ്യവസായം സംരക്ഷിക്കേണ്ടത് മാത്രമല്ല, തൊഴിൽ മന്ത്രിയോട് പറയേണ്ട ഒരു കാര്യം, ഞാൻ വരുന്ന അന്തിക്കാട് ചടയമംഗലം സ്മാരകത്തിന് മുമ്പിൽ ഒരു രക്തസാക്ഷി മണ്ഡപമുണ്ട്. അവിടെ മരിച്ചുപോയ എട്ട് ചെത്തുതൊഴിലാളികളുടെ പേര് കൊത്തിവച്ചിട്ടുണ്ട്. കേരളത്തിൽ ഇന്ത്യയിൽ നടന്ന ഐതിഹാസികമായ സ്വാതന്ത്ര്യ സമര പോരാട്ടത്തിന്റെ ഭാഗമാണ് അന്തിക്കാട്ടുള്ള രക്തസാക്ഷി മണ്ഡപം. കള്ള് ചെത്ത് വ്യവസായത്തിനുവേണ്ടി, രാജ്യത്തിനുവേണ്ടി പോരാടി മരിച്ച ഒരുപാട് തൊഴിലാളി സഖാക്കളുണ്ടായിരുന്ന മേഖലയാണ് ആ തൊഴിൽ മേഖല. അത് ഇങ്ങനെ അന്യംനിന്ന് പോകുന്നത് ഒരു ഗവൺമെന്റിനും ഭൂഷണമല്ല. അതുകൊണ്ട് തീർച്ചയായിട്ടും ചെത്തുതൊഴിലാളി മേഖലയെ സംരക്ഷിക്കാൻവേണ്ടി അങ്ങ് ഒരു പദ്ധതി തയ്യാറാക്കണം.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : സർ, ശ്രീ. വി. എസ്. സുനിൽ കുമാർ വളരെ വിശദമായി ഈ വ്യവസായത്തെ സംബന്ധിച്ച് പറയുകയുണ്ടായി. ഞാൻ വളരെ വിശദമായ ഒരു പ്രസംഗത്തിലേയ്ക്ക് പോകുന്നില്ല. കള്ള് ചെത്ത് വ്യവസായം സംരക്ഷിക്കപ്പെടണമെങ്കിൽ കള്ളിൽ മായം ചേർക്കുന്ന സമ്പ്രദായം അവസാനിപ്പിച്ചേ മതിയാകൂ. കള്ള് ചെത്ത് വ്യവസായം സംരക്ഷിക്കുന്നതിന് അവശ്യം ആവശ്യമായിട്ടുള്ള ഘടകം അതാണ്. ഇവിടെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കള്ള് ചെത്ത് വ്യവസായം ഒരു പരമ്പരാഗത വ്യവസായമെന്നുള്ള നിലയിൽ, ഒരു തൊഴിലധിഷ്ഠിത വ്യവസായമെന്നുള്ള നിലയിൽ സംരക്ഷിക്കുന്നതിന് വേണ്ടി യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അടച്ചിട്ട, നിറുത്തിവച്ച കള്ളുഷാപ്പുകൾ പുനഃസ്ഥാപിച്ചു. അതിൽ ഏതാണ്ട് 757 കള്ളുഷാപ്പുകൾ ഇന്ന് തുറന്നുപ്രവർത്തിക്കുന്നുണ്ട്. 5215 കള്ളുഷാപ്പുകളാണ് ഇപ്പോൾ പ്രവൃത്തിപഥത്തിലുള്ളത്. ഈ കള്ളുഷാപ്പുകൾക്ക് 30% ലൈസൻസ് ഫീ ഇളവുചെയ്തുകൊടുത്തു. അതുപോലെതന്നെ പരമ്പരാഗതമായി ഈ വ്യവസായം നടത്തിക്കൊണ്ടിരുന്ന ഉടമകൾക്ക് ഷാപ്പ് ഏൽപ്പിച്ചുകൊടുക്കുന്ന തീരുമാനം കൈക്കൊണ്ടു. ലളിതാംബിക കമ്മീഷനെ നിയോഗിച്ചു.

ലളിതാംബിക കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരമുള്ള നിയമനടപടികളെല്ലാം ഗവൺമെന്റ് സ്വീകരിച്ചുകഴിഞ്ഞു. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ലളിതാംബികാ കമ്മീഷന്റെ നിയമപരിഷ്ക്കരണ ശുപാർശകൾ എല്ലാം അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. മറ്റൊന്ന്, ദൂരപരിധി മാറ്റുക തുടങ്ങിയിട്ടുള്ള കാര്യങ്ങളാണ്. പുതുതായി കള്ളുഷാപ്പുകൾ ആരംഭിക്കേണ്ട ആവശ്യമില്ലാത്ത സാഹചര്യത്തിൽ ദൂരപരിധി മാറ്റുന്നതിൽ യാതൊരു അർത്ഥവുമില്ല. അതുകൊണ്ട് ദൂരപരിധി എന്നുള്ളതല്ല ഇവിടത്തെ പ്രശ്നം. കള്ളുഷാപ്പുകളിൽ മായം ചേർത്ത, സ്പിരിറ്റ് ചേർത്ത കള്ള് വിതരണം ചെയ്യുന്ന സമ്പ്രദായത്തിനെതിരെ തൊഴിലാളി സംഘടനകൾ കൂടി ശക്തമായ നിലപാട് സ്വീകരിച്ചാൽ മാത്രമേ മുതലാളിമാരെ നിലയ്ക്ക് നിറുത്താൻ സാധിക്കുക യുള്ളൂ. ബഹുമാനപ്പെട്ട അംഗത്തിനറിയാം തൃശൂരിലുള്ള പ്രശ്നം. പല പ്രാവശ്യം എക്സൈസ് കമ്മീഷണറെ വിളിച്ച് അങ്ങോട്ട് അയച്ച് അവിടെ ഉടമപ്രതിനിധികളുമായിട്ടും തൊഴിലാളി പ്രതിനിധികളുമായിട്ടുമൊക്കെ ചർച്ച ചെയ്ത സമയത്ത് അവരുടെ ആവശ്യം സ്പിരിറ്റ് കലക്കണമെന്നുള്ളതാണ്. അത് ഒരു തരത്തിലും അനുവദിക്കാൻ സാധിക്കില്ല. അതുകൊണ്ട് കള്ളുഷാപ്പുകളിൽ പരിശോധന തുടരുന്നതാണ്. നിയമവിരുദ്ധമായ നടപടികൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കും. അതേസമയം കള്ളുചെത്ത് വ്യവസായം സംരക്ഷിക്കുന്നതിന് ആവശ്യമായിട്ടുള്ള എല്ലാ കാര്യങ്ങളും ചെയ്യാൻ ഗവൺമെന്റ് സദാ സന്നദ്ധമാണ്. ഗവൺമെന്റുമായിട്ട് സഹകരിക്കുക എന്നുള്ള സമീപനമാണ് സ്വീകരിക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ : എറണാകുളം ജില്ലയിലെ എല്ലാ ഷാപ്പുകളും പൂട്ടി കിടക്കുകയാണ്.

ശ്രീ. പി. കെ. ഗുരുദാസൻ : എറണാകുളം ജില്ലയിൽ തൊഴിലാളി സംഘടനകൾ മുതലാളിമാർ ഷാപ്പുകൾ അടച്ചിട്ടതിനെതിരായി ഒരു നിലപാട് സ്വീകരിച്ചാൽ ആ ദിവസം തുറക്കും. അതാണ് ആവശ്യം. അതിന് തക്കവിധത്തിൽ ഒരു നിലപാട് സ്വീകരിച്ചാൽ ഗവൺമെന്റ് തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിന് എല്ലാ കാര്യങ്ങളും ചെയ്യാൻ സദാ സന്നദ്ധമാണ്. അതിന് ബാദ്ധ്യതപ്പെട്ട ഗവൺമെന്റാണിത്. നിശ്ചയമായിട്ടും കള്ളുചെത്ത് വ്യവസായം സംരക്ഷിക്കപ്പെടുകതന്നെ ചെയ്യും.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഈ മേഖലയിൽ ഇങ്ങനെ കള്ളനും പോലീസും കളി തുടരുന്നതിൽ യാതൊരു അർത്ഥവുമില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഈ വ്യവസായത്തെ ആധുനികവത്ക്കരിക്കുന്നതിനുള്ള പ്രോജക്ട് വേണമെന്ന്. കള്ളുഷാപ്പുകളിൽ മായം ചേർത്ത കള്ള് വിൽക്കണമെന്നുള്ളത് ഒരു ട്രേഡ് യൂണിയനും അംഗീകരിക്കുന്ന കാര്യമല്ല. വ്യക്തിപരമായി ഞാനും അംഗീകരിക്കുന്ന കാര്യമല്ല. പക്ഷേ വിദേശ മദ്യഷാപ്പുകളിൽ ഒരുപാട് കൗണ്ടറുകൾ ആരംഭിക്കുന്നു. അവിടെയൊക്കെ എക്സൈസുകാർ പരിശോധന

നടത്തുന്നുണ്ടോ? നാലും ആറും കൗണ്ടറുകളൊക്കെയാണ് ആരംഭിക്കുന്നത്. ഞാൻ അതിന്റെ ലിസ്റ്റ് തരാം. കള്ളുഷാപ്പുകളെ മാത്രം ഇങ്ങനെ ഉപദ്രവിക്കുന്നതിനുപിന്നിൽ ഒരു അജണ്ടയുണ്ട് എന്ന് പറയുന്നതിൽ എന്താണ് തെറ്റ്? ഈവ്യവസായരംഗം ഇങ്ങനെ പല പ്രതിസന്ധികളെ നേരിടുന്നതുകൊണ്ട് ഈ മേഖലയിലെ തൊഴിലാളികൾ പട്ടിണിയിലാണ്. ഇവിടെ എല്ലാ മേഖലയിലെയും തൊഴിലാളികൾക്ക് രണ്ട് രൂപയ്ക്ക് അരി കൊടുക്കുന്നുണ്ട്. വളരെ കുറച്ച് കുടുംബങ്ങൾ മാത്രമുള്ള ഈ ചെത്ത് തൊഴിലാളികളെകൂടി അതിൽ ഉൾപ്പെടുത്താൻ തയ്യാറാകണം.

ശ്രീ. പി. കെ. ഗുരുദാസൻ : കൊല്ലത്ത് സ്പിരിറ്റ് പിടിച്ച ഒരു ഷാപ്പ് ഒഴിച്ച് ഒരു കള്ളുഷാപ്പും ഗവൺമെന്റ് അടച്ചിടാൻ സമ്മതിച്ചിട്ടില്ല. തൊഴിലാളികൾക്കെതിരെ ഒരു കേസും എടുത്തിട്ടില്ല. അതേസമയം ഈ ഷാപ്പുകളിലെ മായം ചേർക്കൽ നടപടിക്കെതിരെ തൊഴിലാളി സംഘടനകൾ ഉറച്ച നിലപാട് സ്വീകരിച്ചാൽ ഈ കള്ളുഷാപ്പുടമകളെ നമുക്ക് നിലയ്ക്ക് നിറുത്താൻ കഴിയും. അതിന്റെ അടിസ്ഥാനത്തിൽ ഈ കള്ളുചെത്ത് വ്യവസായം നല്ലതുപോലെ സംരക്ഷിക്കാൻ ആവശ്യമായിട്ടുള്ള എന്തെല്ലാം പരിഷ്ക്കാരങ്ങൾ ചെയ്യണമെങ്കിലും ചെയ്യാൻ ഗവൺമെന്റ് സദാ സന്നദ്ധമാണ്. ആ കാര്യത്തിൽ തൊഴിലാളി സംഘടനകളുടെ നിർദ്ദേശം സ്വീകരിക്കാൻ സന്നദ്ധമാണ്. ആ നിലയ്ക്ക് മറ്റ് നടപടികളുമായി നമുക്ക് മുന്നോട്ടുപോകാം. നമുക്ക് ആ കാര്യത്തിൽ സഹകരിച്ച് പോകുന്ന ഒരു സമീപനമാണ് കൈക്കൊള്ളേണ്ടതായിട്ടുള്ളത്. ചെത്തു തൊഴിലാളികൾക്ക് രണ്ടു രൂപയ്ക്ക് അരി നൽകുന്ന കാര്യം പരിഗണിക്കാം.

(2) വിദ്യാഭ്യാസ അവകാശ നിയമം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, വിദ്യാഭ്യാസ രംഗത്ത് കാതലായ മാറ്റങ്ങൾക്ക് വഴിയൊരുക്കുന്ന കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം ഭരണഘടനയുടെ 21-ാം ഭേദഗതിയിലൂടെ വിദ്യാഭ്യാസത്തെ പൗരന്റെ അലംഘനീയമായ മൗലീക അവകാശമായി മാറ്റിയിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ ഏഴാമത് വിദ്യാഭ്യാസ സർവ്വേ അനുസരിച്ച് ആറിനും പതിനാലിനും ഇടയിൽ പ്രായമുള്ള പത്തൊമ്പത് കോടി കുട്ടികളാണ് ഈ രാജ്യത്തുള്ളത്. ഇതിൽ ഒരു കോടിയിൽപ്പരം പേർ ഇനിയും വിദ്യാലയത്തിന്റെ പടിവാതിലിൽ എത്താത്തവരും. എത്തുന്നവരിൽ 50% കുട്ടികൾ എട്ടാം ക്ലാസിൽ ആകുന്നതിനുമുമ്പ് കൊഴിഞ്ഞുപോകുന്നവരുമാണ്. 2008-09 കാലത്ത് ഉത്തരേന്ത്യയിൽ ഒന്ന് മുതൽ അഞ്ച് വരെ ക്ലാസുകളിൽ 134.4 ദശലക്ഷം കുട്ടികൾ ഉണ്ടായിരുന്നു. ആറ് മുതൽ എട്ട് വരെ ക്ലാസുകളിൽ എത്തിയപ്പോൾ അത് 53.4 ദശലക്ഷമായി ചുരുങ്ങിയിരിക്കുന്നു. ഇതിൽ മഹാഭൂരിപക്ഷവും പെൺകുട്ടികളാണ്. കൊഴിഞ്ഞുപോക്ക് ഏറ്റവും കൂടുതൽ ബാധിക്കുന്നത് പെൺകുട്ടികൾക്കിടയിലാണ്. പാഠപുസ്തകങ്ങളും യൂണിഫോമുകളും സൗജന്യമായി നൽകിയും ആവശ്യമായ അടിസ്ഥാന സൗകര്യവും

LIBRARY ARCHIVES Kerala Legislative Assembly